**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 112** **07-02-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥി കേന്ദ്രീകൃത പഠന സമ്പ്രദായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീമതി സി. കെ. ആശ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ പിന്തുടരുന്ന നിരന്തര മൂല്യനിർണ്ണയ സമ്പ്രദായം കൂടുതൽ ശാസ്ത്രീയവും വസ്തുനിഷ്ഠവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിലെ നിരന്തര മൂല്യനിർണയ രീതിശാസ്ത്രം ശാസ്ത്രീയവും വസ്തുനിഷ്ഠവുമാക്കുന്നതിനു യോജ്യമായ നടപടികൾ പുരോഗമിക്കുന്നുണ്ട്. പഠിതാവിന്റെ സമഗ്ര ഗുണപരവികാസത്തിനായുള്ള അറിവിന്റെ വിശകലനമാണ് വിലയിരുത്തൽ. നിരന്തര വിലയിരുത്തൽ ശാസ്ത്രീയവും വസ്തുനിഷ്ഠവുമായി നടത്തുന്നതിനും സംസ്ഥാന പഠനനേട്ട സർവേകൾക്ക് നേതൃത്വം നല്കുന്നതിനുസംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിലെ നിരന്തര മൂല്യനിർണയ രീതിശാസ്ത്രം ശാസ്ത്രീയവും വസ്തുനിഷ്ഠവുമാക്കുന്നതിനു യോജ്യമായ നടപടികൾ പുരോഗമിക്കുന്നുണ്ട്. പഠിതാവിന്റെ സമഗ്ര ഗുണപരവികാസത്തിനായുള്ള അറിവിന്റെ വിശകലനമാണ് വിലയിരുത്തൽ. നിരന്തര വിലയിരുത്തൽ ശാസ്ത്രീയവും വസ്തുനിഷ്ഠവുമായി സംസ്ഥാന വിലയിരുത്തൽ കേന്ദ്രം (State Assessment Cell) എസ്.സി.ഇ.ആർ.ടി.-യിൽ രൂപവത്ക്കരിച്ചിട്ടുണ്ട്. പഠനപരിപോഷണ പദ്ധതികളായ ന്യൂമാറ്റ്സ്, സ്റ്റെപ്പ്സ്, ന്യൂസെറ്റ്സ് എന്നിവയ്ക്കും എൻ.റ്റി.എസ്.ഇ., എൽ.എം.എം.എസ്. പോലുള്ള ദേശീയ തലത്തിലുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്കും എൽ.എസ്.എസ്./ യു.എസ്.എസ്. പരീക്ഷകൾക്കും ആവശ്യമായ അക്കാദമിക നേതൃത്വം അസ്സസ്സ്മെന്റ് സെൽ നല്കും.<br><br>ആത്യന്തിക വിലയിരുത്തലിനൊപ്പം തന്നെ (Summative Assessment) സംരചന വിലയിരുത്തലും (Formative Assessment) കൂടുതൽ കാര്യക്ഷമവും വസ്തുനിഷ്ഠവുമാക്കുന്നതിനു വേണ്ടി സഹിതം മെന്ററിംഗ് പോർട്ടൽ വിഭാവനം |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. ഓരോ വിദ്യാർത്ഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാക്കുന്ന തരത്തിൽ പിന്തുണ നൽകാൻ സഹിതം മെന്ററിംഗ് പോർട്ടൽ വഴി അദ്ധ്യാപകർക്ക് സാധിക്കും. കുട്ടികളെ നിരന്തരമായ സ്നേഹോഷ്മള ബന്ധത്തോടെ നിരീക്ഷിക്കുക, നിരന്തരമായി മനസ്സിലാക്കുക, കൃത്യമായ ആസൂത്രണത്തോടെ പിന്തുണയ്ക്കുക എന്ന പ്രക്രിയയ്ക്കാണ് സഹിതം പോർട്ടൽ പ്രാധാന്യം നല്കുന്നത്. |
| (ബി) | പഠന, ബോധന പ്രവർത്തനങ്ങൾ വിദ്യാർത്ഥി കേന്ദ്രീകൃതമാക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് പരീക്ഷാ സമ്പ്രദായത്തിൽ എന്തെല്ലാം മാറ്റങ്ങൾ കൊണ്ടുവരുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | പഠന ബോധന പ്രവർത്തനങ്ങൾ വിദ്യാർത്ഥി കേന്ദ്രീകൃതമാക്കുന്നതിനുതകുന്ന വിലയിരുത്തൽ സമ്പ്രദായം രൂപപ്പെടുത്തുന്നതിനായുള്ള പരിശ്രമങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് നേതൃത്വം നൽകുന്നുണ്ട്. ഓരോ പഠിതാവിനെയും കൃത്യമായി മനസ്സിലാക്കി അവരുടെ സമഗ്രവികാസത്തിനായി പിന്തുണയ്ക്കുക എന്നതാണ് വിലയിരുത്തൽ സംവിധാനത്തിന്റെ പ്രധാന ധർമ്മം. ഇതിലൂടെ കുട്ടികളുടെ പഠന പങ്കാളിത്തവും പഠന ഗുണനിലവാരവും വർദ്ധിപ്പിക്കാനാകും. വിലയിരുത്തലിന് സംഘപരമായ ഊന്നലിനോടൊപ്പം വ്യക്തിപരമായ ഊന്നൽ നൽകി ഓരോ കുട്ടിയേയും പഠന പ്രക്രിയയിൽ ഒരു യൂണിറ്റായി പരിഗണിക്കും. പഠനത്തിലൂടെ നേടിയ ഗുണപരമായ മികവുകൾ കുട്ടിയേയും സമൂഹത്തേയും ബോധ്യപ്പെടുത്തും വിധം വിലയിരുത്തൽ പഠന പ്രവർത്തനത്തിന് അനുപൂരകമാക്കും. ഇതിനായി സ്വയം വിലയിരുത്തൽ, സഹപഠിതാക്കളുടെ വിലയിരുത്തൽ, ടീച്ചർ വിലയിരുത്തൽ, രക്ഷകർതൃ വിലയിരുത്തൽ എന്നിവയ്ക്കുള്ള ഇടം വിദ്യാഭ്യാസ പ്രക്രിയയിൽ ഉറപ്പുവരുത്തും. വിദ്യാർത്ഥികൾക്ക് അവരുടെ വളർച്ച അനസ്യൂതം ട്രാക്ക് ചെയ്യാനും അതിനനുസൃതമായി അവരുടെ കഴിവുകളും താൽപ്പര്യങ്ങളും ശ്രദ്ധിക്കേണ്ട മേഖലകളും മനസ്സിലാക്കി മികച്ച അഭിരുചി മേഖലകൾ തെരഞ്ഞെടുക്കാനും സഹായകരമാകുന്ന രീതിയിലുള്ള നിർമ്മിത ബുദ്ധി അധിഷ്ഠിത സോഫ്റ്റ്‌വെയറുകൾ വികസിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതിന്റെ സാധ്യതകൾ പരിശോധിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യും. |
| (സി) | പൊതുപരീക്ഷകളുടെ ചോദ്യപേപ്പറുകൾ വിലയിരുത്തുന്നതിൽ വിദ്യാർത്ഥികൾക്ക് കൂടുതൽ അവസരം ലഭിക്കും വിധത്തിൽ മൂല്യനിർണ്ണയം കൂടുതൽ ശാസ്ത്രീയവും വിദ്യാർത്ഥി | (സി) | പൊതുപരീക്ഷകളുടെ ചോദ്യപേപ്പറുകൾ വിലയിരുത്തുന്നതിൽ വിദ്യാർത്ഥികൾക്ക് അവസരങ്ങൾ നൽകി മൂല്യനിർണയം കൂടുതൽ വിദ്യാർത്ഥി സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| | കേന്ദ്രീകൃതവുമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | | പൊതുപരീക്ഷയിൽ കുട്ടികൾ നേരിട്ട പ്രയാസങ്ങൾ കണ്ടെത്തുന്നതിനും പൊതു പരീക്ഷ ചോദ്യപേപ്പർ മെച്ചപ്പെടുത്തുന്നതിനായി കുട്ടികളിൽ നിന്ന് നിർദ്ദേശങ്ങൾ ശേഖരിക്കുന്നതിനും വേണ്ടി എസ്.സി.ഇ.ആർ.ടി. -യുടെ നേതൃത്വത്തിൽ ഒരു പ്രതിഫലനാത്മക പഠനം 2021-22 അദ്ധ്യയന വർഷാവസാനം നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിലൂടെ പൊതുപരീക്ഷയെ സംബന്ധിച്ച് കുട്ടികൾക്ക് ഒട്ടേറെ അഭിപ്രായങ്ങൾ തുറന്നു പറയുന്നതിനുള്ള അവസരം ഉണ്ടായിട്ടുണ്ട്. ഭാവിയിൽ കുട്ടികളുടെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടുള്ള മെച്ചപ്പെട്ട പൊതുപരീക്ഷ നടത്തുന്നതിന് അവസരം കൈവരുന്ന ഒരു പഠനമാണിത്. കേരളത്തിലെ തെരഞ്ഞെടുത്ത 7 ജില്ലകളിൽ പത്താംതരം, പന്ത്രണ്ടാംതരം ചോദ്യ പേപ്പറുകളിൽ നിന്നും തെരഞ്ഞെടുത്ത വിഷയങ്ങളിലാണ് പഠനം നടത്തിയത്. |
| (ഡി) | പൊതുവിദ്യാഭ്യാസ രംഗത്തെ അക്കാദമിക നിലവാരം അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുന്നതോടൊപ്പം മാതൃഭാഷയായ മലയാളം ഉൾപ്പെടെയുള്ള ഭാഷകളിലെ പരിജ്ഞാനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | പൊതുവിദ്യാഭ്യാസ രംഗത്തെ അക്കാദമിക നിലവാരം അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുന്നതിനോടൊപ്പം മാതൃഭാഷ ഉൾപ്പെടെയുള്ള ഭാഷകളിലെ പരിജ്ഞാനം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നുണ്ട്.<br><br>ഭാഷാപരമായി മുന്നോക്കം നിൽക്കുന്ന പഠിതാക്കൾക്കു വേണ്ടി 'വാങ്മയം' എന്ന പേരിലുള്ള പ്രവർത്തനങ്ങളും മാതൃഭാഷ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി 'മലയാളത്തിളക്കം' എന്ന പരിപാടിയും ഏറ്റെടുത്ത് നടപ്പിലാക്കി. ഒന്നു മുതൽ പത്താംതരം വരെയുള്ള കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ കണ്ടെത്തി അത് പരിഹരിക്കുന്നതിനാവശ്യമായ പഠനബോധന പ്രവർത്തനങ്ങൾ പുസ്തക രൂപത്തിൽ തയ്യാറാക്കി അദ്ധ്യാപകർക്ക് മലയാളത്തിളക്കം ശില്പശാല നടത്തി. ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. കേരള സർക്കാരിന്റെ മലയാള ഭാഷ പഠനനിയമത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ മലയാള ഭാഷ നിർബന്ധമായും പഠിക്കണമെന്നതുമായി ബന്ധപ്പെട്ട് എസ്.സി.ഇ.ആർ.ടി. ശാസ്ത്ര-മാനവിക വിഷയങ്ങളിൽ 2 വാല്യങ്ങളായി സാങ്കേതിക പദാവലി തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ